പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7496** **17.07.2012 ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ കൃഷി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിലെ ഏതെല്ലാം കൃഷിഭവന്റെ കീഴിലുള്ള ഏതൊക്കെ പാടശേഖരങ്ങളിലെ കൃഷി കഴിഞ്ഞ വേനൽ മഴയിൽ നശിച്ചുവെന്ന് വിശദമാക്കുമോ; | (എ) കഴിഞ്ഞ വേനൽമഴയിൽ കുട്ടനാട്ടിലെ കൈനകരി, വെളിയനാട്, നീലംപേരൂർ, മുട്ടാർ, കാവാലം, എന്നീ കൃഷിഭവനുകളുടെ കീഴിൽ വരുന്ന പാടശേഖരങ്ങളിൽ ചുരുങ്ങിയ തോതിൽ കൃഷിനാശം ഉണ്ടായിട്ടുണ്ട്. |
| (ബി) എത്ര ഹെക്ടർ പാടശേഖരത്തിലെ കൃഷി നശിച്ചുവെന്നും ആയതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ ? | (ബി) ഏകദേശം 20.2 ഹെക്ടർ സ്ഥലത്തെ നെൽ കൃഷി നശിച്ചിട്ടുണ്ട്. ആയതിന് അനുവദിച്ച 15 ലക്ഷം രൂപ വിതരണം ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**